വേണ്ടവിധം ഉപയോഗിക്കുകയാണെങ്കിൽ നെൽവയലുകൾ സംരക്ഷിക്കുന്നതിനുള്ള ശക്തമായ സംവിധാനം നെൽവയൽ– നീർത്തട സംരക്ഷണ നിയമത്തിലുണ്ടെന്നും അവ തിരിച്ചറിഞ്ഞ് പൊതുസമൂഹം ജാഗ്രതയോടെ ഇടപെടണമെന്നും **ആർ. ശ്രീധർ** വിലയിരുത്തുന്നു

# നിയമം ഉപയോഗിക്കൂ നെൽവയൽ സംരക്ഷിക്കൂ

നെൽവയൽ നീർത്തട സംരക്ഷണ നിയമം ഒരു ചരിത്രസംഭവം തന്നെയാണ്. കഴിഞ്ഞ 30 വർഷമായി പൂർണ്ണമായും തകർന്ന നെൽവയലുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നെൽവയൽ നീർത്തട സംരക്ഷണ നിയമം സഹായകമായിട്ടുണ്ട്. പ്രത്യേകിച്ച് വികസനത്തിന്റെ പേരിൽ വയൽ നികത്തിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വളരെയധികം കൂടിയ സാഹചര്യത്തിലാണ് ഈ നിയമം നടപ്പിലാക്കപ്പെടുന്നത്. അത്തരം പ്രവർത്തനങ്ങൾക്കെല്ലാം ഒരു നിയന്ത്രണമുണ്ടാക്കാൻ നെൽവയൽ നീർത്തട സംരക്ഷണ നിയമം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. ചെറിയ ചില പഴുതുകളുണ്ടെങ്കിൽപ്പോലും ഇത്ര ശക്തമായ ഒരു നിയമം അടുത്തകാലത്തൊന്നും ഇന്ത്യയിൽ ഉണ്ടായിട്ടില്ല. ത്രിതല പഞ്ചായത്ത് സംവിധാനത്തെ ശക്തിപ്പെടുത്തുന്ന തരത്തിൽ നടപ്പിലാക്കി എന്നതാണ് എടുത്തു പറയേണ്ട മറ്റൊരു സവിശേഷത. അതേസമയം പൊതുജനങ്ങൾക്ക് പങ്കാളിത്തവും നിയമം ഉറപ്പാക്കുന്നുണ്ട്. എന്നാൽ നിയമത്തിനകത്തുള്ള ഒരു പഴുതന്നെയാണ് അതിന് പലപ്പോഴും തിരിച്ചടിയാകുന്നത്. ആദ്യം ബിൽ അവതരിപ്പിച്ചപ്പോൾ ചില പ്രധാന നെൽവയലുകൾ മാത്രമായിരുന്നു നിയമത്തിന്റെ പരിധിയിൽ ഉണ്ടായിരുന്നത്. പിന്നീട് ചെറിയ വയലുകൾ പോലും ഉൾപ്പെടുത്തി നിയമം ഭേദഗതി ചെയ്തു. എന്നാൽ നിയമപ്രകാരമുള്ള നടപടികളെടുക്കുന്ന കാര്യത്തിൽ ഇപ്പോഴും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഡേറ്റാ ബാങ്കിന്റെ അഭാവമാണ് അതിന് കാരണമായി പറയുന്നത്. ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയാൽ മാത്രമേ നെൽവയൽ സംരക്ഷിക്കാൻ പറ്റുകയുള്ളൂ എന്നൊരു പഴുത് ഈ നിയമത്തിലുണ്ട്. വയൽ സംരക്ഷിക്കപ്പെടണമെന്ന് തന്നെയാണ് നിയമം പറയുന്നതെങ്കിലും ഡേറ്റാബാങ്കിൽ വന്നാൽ മാത്രമേ രക്ഷയുള്ളൂ എന്നാണ് കൃഷി ഓഫീസർമാരും വില്ലേജ് ഓഫീസർമാരും അതിനെ വ്യാഖ്യാനിക്കുന്നത്. ഡേറ്റാബാങ്കുണ്ടാക്കുന്നകാര്യത്തിൽ കാലതാമസം വന്നത് പല സ്ഥലങ്ങളിലും പ്രശ്നമായി.

417 ഏക്കറോളം വരുന്ന മെത്രാൻകായൽ നാലുവർഷമായി കൃഷിചെയ്യാതെ കിടക്കുകയാണ്. നെൽവയൽ നീർത്തട സംരക്ഷണ നിയമം പോലെ ശക്തമായ ഒരു നിയമം നിലവിലുള്ള സ്ഥിതിക്ക് ഇത്തരം സാഹചര്യമുണ്ടാകുമ്പോൾ റവന്യൂ അധികൃതർ അത് ശ്രദ്ധിക്കേണ്ടതല്ലേ? 16 ടൂറിസം ഓപ്പറേറ്റേഴ്സിന്റെ പേരിലാണ് മെത്രാൻ കായലിൽ ഭൂമി വാങ്ങിച്ചിരിക്കുന്നത്. ബിനാമി ഇടപാടുകാരാണെന്ന് അവരുടെ പേരുകൾ കണ്ടാലറിയാം. ടൂറിസം ഓപ്പറേറ്റേഴ്സിന്റെ പേരിൽ നെൽവയൽ വാങ്ങുമ്പോൾ തന്നെ അധികൃതർ ശ്രദ്ധിക്കേണ്ടതായിരുന്നു.

രണ്ടാമത്തെ പ്രശ്നം അത് തരിശുകിടക്കുന്നു എന്നതാണ്. നാല് വർഷമായി മെത്രാൻ കായൽ പാടശേഖരം തരിശുകിടക്കുകയാണ്. നെൽവയൽ നീർത്തട സംരക്ഷണ നിയമ പ്രകാരം തരിശ് കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കേണ്ടത് പ്രാദേശിക കൃഷി ഡിപ്പാർട്ട്മെന്റിന്റെ ചുമതലയാണ്. ഇത്തരം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തലത്തിലുള്ള കമ്മിറ്റി എല്ലാ പഞ്ചായത്തുകളിലും രൂപീകരിച്ചിട്ടുണ്ട്. എന്നാൽ തരിശുനിലം കൃഷിയോഗ്യമാക്കാൻ ഈ കമ്മിറ്റികളൊന്നും ശ്രമം നടത്തിയില്ല.

നീർത്തടസംരക്ഷണ നിയമപ്രകാരം രണ്ട് തരത്തിലുള്ള വയൽ നികത്തൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഒന്ന് ഭൂരഹിത കർഷകന് അഞ്ച് സെന്റ് സ്ഥലം വീട് വയ്ക്കുന്നതിനായി അനുവദിക്കുക. രണ്ട് പൊതു ആവശ്യത്തിനായി സ്ഥലം അനുവദിക്കുക. പൊതുആവശ്യത്തിനായി നെൽവയൽ നികത്തണമെങ്കിൽ അതിന് ഒരു രീതിയുണ്ട്. പദ്ധതിയുടെ റിപ്പോർട്ട് ആദ്യം പഞ്ചായത്ത് തല കമ്മിറ്റിക്ക് സമർപ്പിക്കണം. പഞ്ചായത്ത്തല കമ്മിറ്റി അംഗീകാരം നൽകുന്ന പദ്ധതികൾ മാത്രമാണ് സംസ്ഥാനതല കമ്മിറ്റിയിലേക്ക് അയയ്ക്കുന്നത്. അധികാരപ്രയോഗം മുകളിൽ നിന്നും താഴേക്ക് വരാതിരിക്കാനാണ് ഈ രീതിയിൽ നിയമമുണ്ടാക്കിയിരിക്കുന്നത്. തീരുമാനമെടുക്കാനുള്ള അധികാരം പഞ്ചായത്ത്തല കമ്മിറ്റിയും സംസ്ഥാന കമ്മിറ്റിയും ഒരു പോലെ പങ്കിടുന്നു. എന്നാൽ മെത്രാൻ കായലിൽ വരുന്ന ടൂറിസം പദ്ധതി ഈ കമ്മിറ്റികളെ അനുമതിക്കായി സമീപിച്ചിട്ടില്ല. അവർ നേരിട്ട് വ്യവസായ വകുപ്പിനെയാണ് സമീപിച്ചത്. ഞങ്ങൾക്കിതൊന്നും ബാധകമല്ല, ഏകജാലക സംവിധാനത്തിലൂടെ ഞങ്ങൾ അനുമതി നേടുമെന്നാണ് അവർ പറയുന്നത്. പക്ഷെ പൊതു ആവശ്യത്തിന് വയൽ നികത്തുന്നതിന് അനുമതി നൽകുന്നതിനുള്ള സംസ്ഥാന കമ്മിറ്റിക്ക് മുന്നിൽ ഇത് പൊതു ആവശ്യമാണെന്ന് അവർ തെളിയിക്കേണ്ടി വരും. പ്രാദേശികമായ എതിർപ്പിനെ തുടർന്ന് കൃഷി മന്ത്രി പ്രശ്നത്തിൽ ഇടപെട്ട് മെത്രാൻ കായലിൽ കൃഷിയിറക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിനുള്ള ഫണ്ട് കണ്ടെത്താനുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്. അതിനിടയിലാണ് ഇളമരം കരീം മറ്റ് അനുമതികളൊന്നുമില്ലാതെ ഈ പദ്ധതി ക്യാബിനറ്റിൽ നേരിട്ടെത്തിക്കുന്നത്. ക്യാബിനറ്റിന്റെ അനുമതി കിട്ടിയാൽ പദ്ധതിയുമായി മുന്നോട്ട് പോകാമെന്നാണ് ഇളമരത്തിന്റെ കണക്കുകൂട്ടൽ.

ഇനി കൃഷിക്ക് ഭൂഉടമസ്ഥർ തയ്യാറല്ലെങ്കിൽ നെൽവയൽ നീർത്തട സംരക്ഷണ നിയമപ്രകാരം നടപടിയെടുക്കാൻ കഴിയും. വയൽ തരിശുകിടക്കുകയാണെങ്കിൽ പഞ്ചായത്ത് തല കമ്മിറ്റി(കൃഷി ഓഫീസറാണ് അതിന്റെ കൺവീനർ) കൃഷി ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഉടമസ്ഥന് കത്തയയ്ക്കണം. കൃഷി ചെയ്യാൻ ഉടമസ്ഥൻ തയ്യാറായില്ലെങ്കിൽ കൃഷി വകുപ്പ് സ്ഥലമേറ്റെടുത്ത് ഒരു പാട്ടത്തുക നിശ്ചയിച്ച് മറ്റേതെങ്കിലും ഗ്രൂപ്പുകൾക്ക് കൃഷി ചെയ്യാനായി നൽകണം.

മെത്രാൻ കായൽ ഉടമകൾക്ക് കൃഷി ഓഫീസർ ഇത്തരമൊരു കത്തയച്ചെങ്കിലും അതിന് മറുപടിയൊന്നും കിട്ടിയില്ല. മറുപടി കിട്ടിയില്ലെങ്കിൽ എന്തുചെയ്യണമെന്ന് നിയമത്തിൽ പറയുന്നില്ലെന്ന വിചിത്രമായ ന്യായമാണ് ഇപ്പോൾ അവിടെയുള്ള കൃഷി ഓഫീസർ പറയുന്നത്. വയലുകൾ തരിശിടാൻ പാടില്ലെന്ന് നിയമം പറയുന്നതിനാൽ മറുപടി നൽകിയില്ല എന്ന് പറയുന്നതും നിയമലംഘനമാണ്. അങ്ങിനെയാണ് അതിനെ വ്യാഖ്യാനിക്കേണ്ടത്. കാരണം നിയമത്തിൽ എല്ലാം പറയാൻ കഴിയില്ല. അതുകൊണ്ട് മറുപടി കിട്ടിയില്ലെങ്കിൽ ഭൂമി ഏറ്റെടുക്കാനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ് വേണ്ടത്.

നിയമമുണ്ടെങ്കിലും ഇച്ഛാശക്തി പ്രധാനമാകുന്നത് അവിടെയാണ്. പല പഞ്ചായത്തുകളും തരിശ് രഹിത പഞ്ചായത്തുകളായി മാറിയത് ഈ നിയമത്തിന്റെ സഹായത്തോടെയാണ്. പഞ്ചായത്തുകളുടെ ഉറച്ച തീരുമാനമാണ് തരിശു നിലങ്ങളെ കൃഷിയിലേക്കെത്തിച്ചത്. ഇത്തരത്തിൽ പഞ്ചായത്ത് ശക്തമായി നിൽക്കുകയാണെങ്കിൽ കർഷകരും സ്വാഭാവികമായി കൃഷിയിലേക്ക് തിരിയാൻ തുടങ്ങും.

നെൽവയൽ നീർത്തട ബില്ലിനെക്കുറിച്ചുള്ള വ്യക്തമായ അറിവില്ലായിമയാണ് പൊതുജനങ്ങളുടെ ഇടപെടലിന് പലപ്പോഴും തടസ്സമായി നിൽക്കുന്നത്. നിയമത്തെക്കുറിച്ചുള്ള ബോധവത്കരണം അടിയന്തിരമായി നടത്തേണ്ടതുണ്ട്. മെത്രാൻ കായൽ സമരത്തോടൊപ്പം നിയമത്തെക്കുറിച്ചുള്ള ബോധവത്കരണം കൂടി നടത്താൻ സമരത്തിൽ ഇടപെട്ടവർക്ക് സാധിച്ചു. നമുക്ക് നിയമത്തെ കൈയിലെടുക്കാൻ പറ്റുന്ന ചിലകാര്യങ്ങൾ കൂടി നിയമത്തിലുണ്ടെന്ന് ജനങ്ങളെ ഈ രീതിയിൽ അറിയിക്കാൻ കഴിയണം.

നിയമം നല്ലരീതിയിൽ നടപ്പിലാക്കാൻ പൊതുജനങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്. നിങ്ങളുടെ സമീപത്ത് നെൽവയൽ തരിശ് കിടക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ട് അത് തരിശ് കിടക്കുന്നു എന്ന് കാണിച്ച് ഒരു കാരണം കാണിക്കൽ നോട്ടീസ് ആദ്യം കൃഷി ഓഫീസർക്ക് അയയ്ക്കുക. വയൽ ആരെങ്കിലും അനധികൃതമായി നികത്തുന്നുണ്ടെങ്കിലും ഈ രീതിയിൽ കാരണം കാണിക്കൽ നോട്ടീസ് അയക്കാം. കൃഷി ഓഫീസറുടെ മേൽ സമ്മർദ്ദം ചെലുത്തി കൃഷി നടപ്പിലാക്കാനുള്ള നിയമ സാധ്യത നമ്മുടെ പക്കലുണ്ട്. അത് പ്രയോഗിക്കപ്പെടാതെ പോവുകയാണ്. നീർത്തട സംരക്ഷണ നിയമപ്രകാരമുള്ള പഞ്ചായത്ത്തല മോണിറ്ററിംഗ് കമ്മിറ്റിയിൽ മൂന്ന് കർഷകർ അംഗങ്ങളായുണ്ട്. അവർ ഇതിന് നേതൃത്വം നൽകണം. എന്നാൽ വയൽ നികത്താനുള്ള അനുമതി കൊടുക്കാനുള്ള കമ്മിറ്റിയാണെന്നാണ് ഈ കമ്മിറ്റിയെക്കുറിച്ചുള്ള പൊതുജനത്തിന്റെ ഇപ്പോഴത്തെ ധാരണ. അത് തിരുത്തിയെടുക്കേണ്ടത് സർക്കാറിന്റെ ഉത്തരവാദിത്തം കൂടിയാണ്. നിങ്ങൾ ഇടപെടാൻ തീരുമാനിക്കുകയാണെങ്കിൽ ഇടപെടാനുള്ള എല്ലാ സാധ്യകളും ഈ നിയമത്തിലുണ്ട്, കണ്ടില്ലെന്ന് നടിച്ചാലോ കാണാതെ പോകാനും കഴിയും.

*തണൽ, എച്ച്-3, ജവഹർ നഗർ,*
*തിരുവനന്തപുരം*